**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 908** **10-06-2021 - ൽ മറുപടിയ്ക്ക്**

**ഹയർസെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രായപരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | ഹയർസെക്കന്ററി ലാബ് അസിസ്റ്റന്റുമാരുടെ പ്രായപരിധി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായുള്ള സർക്കാരിലെ E3/177/2020/Edn. , E3/24/21 നമ്പർ ഫയലുകളിൽ എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | ആലുവ അത്താണി - മാർ അത്തനീഷ്യസ് ഹയർസെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി. സുനിത .ഐ എന്ന വ്യക്തിയുടെ അപേക്ഷയിൽ ഹയർസെക്കന്ററി ഡയറക്ടറേറ്റിലെ ACD A1/170883/എ നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ആലുവ അത്താണി എം.എ.എം ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി. സുനിത ഐ.യ്ക്ക് നിയമനം നൽകുമ്പോൾ പ്രായപരിധി അധികരിച്ചത് പിന്നീട് ശ്രദ്ധയിൽപെടുകയും തുടർന്ന് ടിയാരിയുടെ നിയമനാംഗീകാരം റദ്ദ് ചെയ്ത് 26.06.2019 മുതൽ 30.11.2019 വരെ കൈപ്പറ്റിയ ശമ്പളവും കുടിശ്ശികയും തിരിച്ചടയ്ക്കാൻ ടിയാരിയോട് ആവശ്യപ്പെടാൻ പ്രിൻസിപ്പലിന് നിർദ്ദേശം നൽകുകയും ചെയ്തു. ഇത് സംബന്ധിച്ച വിവരം എറണാകുളം മേഖലാ ഉപമേധാവി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് പരിശോധിച്ച് 03.03.2021 തീയതിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. നിയമന സമയത്ത് പ്രായപരിധി കഴിഞ്ഞിരുന്നതിനാൽ വയസ്സിളവ് അനുവദിക്കുന്നത് സംബന്ധിച്ചതാണ് പ്രസ്തുത ഫയലിലെ വിഷയം. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്. |
| (സി) | ഹയർ സെക്കന്ററി ഡയറക്ടർ ഈ വിഷയത്തിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | ആലുവ അത്താണി എം.എ.എം ഹയർ സെക്കന്ററി സ്കൂളിലെ ലാബ് അസിസ്റ്റന്റായ ശ്രീമതി. സുനിത ഐ.യ്ക്ക് നിയമനം നൽകുമ്പോൾ പ്രായപരിധി അധികരിച്ചത് പിന്നീട് ശ്രദ്ധയിൽപെടുകയും തുടർന്ന് ടിയാരിയുടെ നിയമനാംഗീകാരം റദ്ദ് ചെയ്ത് 26.06.2019 മുതൽ 30.11.2019 വരെ കൈപ്പറ്റിയ ശമ്പളവും കുടിശ്ശികയും തിരിച്ചടയ്ക്കാൻ ടിയാരിയോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടാൻ പ്രിൻസിപ്പലിന് നിർദ്ദശം നൽകുകയും ചെയ്തു. ഇതു സംബന്ധിച്ച വിവരം എറണാകുളം മേഖലാ ഉപമേധാവി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും ആയത് പരിശോധിച്ച് 03.03.2021 തീയതിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുമുണ്ട്. നിയമന സമയത്ത് പ്രായപരിധി കഴിഞ്ഞിരുന്നതിനാൽ വയസ്സിളവ് അനുവദിക്കുന്നത് സംബന്ധിച്ചതാണ് പ്രസ്തുത ഫയലിലെ വിഷയം. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ